"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണവകുപ്പ്- ആലപ്പുഴ ജില്ല - തലവടി ഗ്രാമപഞ്ചായത്ത് - ഗ്രാമപഞ്ചായത്ത് ഓഫീസ് നിലവിൽ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടക പുനർനിർണ്ണയിച്ചും , വാടക നൽകിയ നടപടി സാധൂകരിച്ചുകൊണ്ടും -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1375/2026/LSGD തീയതി,തിരുവനന്തപുരം, 28-07-2026

---

പരാമർശം:-

1. G.O. (P) No. 102/2017/Fin തീയതി 7.08.2017
2. സ.ഉ( കൈ) നം. 16/2025/ധന തീയതി 30.01.2025
3. തലവടി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 30.07.2025 ലെ 2(1) നമ്പർ തീരുമാനം.
4. തലവടി ഗ്രാമപഞ്ചയത്ത് സെക്രട്ടറിയുടെ 5/8/2025 ലെ SC2-276/2025 നമ്പർ കത്ത്
5. പ്രിൻസിപ്പൽ ഡയറക്ടറുടെ 17.09.2025 ലെ LSGD/PD/2574/2025-REV1 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

തലവടി ഗ്രാമപഞ്ചായത്ത് ആഫീസ് നിലവിൽ പ്രവർത്തിച്ചു വരുന്ന 7/5 നമ്പർ കെട്ടിടം കാലപ്പഴക്കവും, പ്രളയക്കെടുതിയും മൂലം ഉപയോഗയോഗ്യമല്ലായെന്ന് എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപത്രം നൽകിട്ടുള്ളതിനാൽ പഞ്ചായത്ത് ഓഫീസ് മറ്റൊരു കെട്ടിടത്തിലേക്ക് മാറ്റുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുക്കുകയും ശ്രീ.ജയസൂര്യ/ ശ്രീമതി. മഹേശ്വരി, പട്ടമന, ചക്കുളത്ത്കാവ്, തലവടി എന്നവരുടെ ഉടമസ്ഥതയിലുള്ള 7/69 നമ്പർ കെട്ടിടത്തിൽ 12.07.2023 മുതൽ ഓഫീസ് പ്രവർത്തിച്ചു തുടങ്ങിയിട്ടുള്ളതുമാണ്. പ്രസ്തുത കെട്ടിട ഉടമകൾ 30,000/- രൂപ കെട്ടിടത്തിന് വാടക ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഭരണസമിതിയുടെ നിരന്തര ഇടപെടലിന്റെയും കൂടാതെ അസിസ്റ്റന്റ് എഞ്ചിനീയർ എൽ.എസ്.ജി.ഡി (LID&EW) 27,823/-രൂപ വാടക നിർണ്ണയിച്ചു നൽകിയ സാക്ഷ്യപത്രത്തിന്റെയും അടിസ്ഥാനത്തിൽ 25,000/- രൂപ വാടകയായി ഉഭയകക്ഷി തീരുമാന പ്രകാരം അംഗീകരിക്കുകയുണ്ടായി. എന്നാൽ 15,000/- രൂപയ്ക്ക് മുകളിൽ വാടക നിർണ്ണയിക്കപ്പെടുന്ന സ്വകാര്യ കെട്ടിടങ്ങളുടെ വാടക നിശ്ചയിക്കേണ്ടത് പൊതുമരാമത്ത് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ ആയതിനാൽ 01/07/2025 ന് ടി കെട്ടിടത്തിന് 20,566/- രൂപയായി വാടക നിർണ്ണയിച്ച് സർട്ടിഫിക്കറ്റ് നൽകുകയുണ്ടായി.

2) എന്നാൽ തലവടി ഗ്രാമപഞ്ചായത്ത് ഓഫീസ് പ്രവർത്തിക്കുന്നതിനാവശ്യമായ എല്ലാ സജ്ജീകരണങ്ങളുമുള്ള കെട്ടിടത്തിന് പൊതുമരാമത്ത് കെട്ടിട വിഭാഗം നിജപ്പെടുത്തിയ

വാടകയായ 20,566/- രൂപ അംഗീകരിക്കാൻ നിർവ്വാഹമില്ലായെന്ന് കെട്ടിട ഉടമകൾ അറിയിക്കുകയുണ്ടായി. കൂടാതെ പൊതുമരാമത്ത് വകുപ്പ് നൽകിയ വാടക നിർണ്ണയ സർട്ടിഫിക്കറ്റിൽ ഒക്യുപൈഡ് കാർപ്പെറ്റ് ഏരിയ 380.06 ചതുരശ്രമീറ്റർ രേഖപ്പെടുത്തിയെങ്കിലും 235.26 ചതുരശ്രമീറ്റർ മാത്രമാണ് വാടക നിശ്ചയിച്ചിട്ടുള്ളത്. പാർക്കിംഗ് ഏരിയ ഉൾപ്പെടെ കെട്ടിടം പൂർണ്ണമായും ഓഫീസ് ആവശ്യത്തിന് ഉപയോഗിച്ച് വരുന്നു. ആകയാൽ 380.06 ചതുരശ്രമീറ്റർ കാർപ്പെറ്റ് ഏരിയയുള്ള ഈ കെട്ടിടത്തിന്റെ മുഴുവൻ വിസ്തൃതിയും കണക്കിലെടുത്ത് പ്രസ്തുത കെട്ടിടത്തിന് 25,000/- രൂപ വാടക പുനർ നിർണ്ണയിച്ച് നൽകണമെന്ന്പരാമർശം (3 ) പ്രകാരം ഭരണസമിതി തീരുമാനം കൈക്കൊണ്ടതിന്റെ അടിസ്ഥാനത്തിൽ , ടി കെട്ടിടത്തിൽ പഞ്ചായത്ത് ഓഫീസും അനുബന്ധ ഓഫീസുകളും പ്രവർത്തനം തുടങ്ങിയതു മുതൽ നാളിതുവരെ നൽകിയ വാടകയായ 6,70,566/- രൂപ (ആറ് ലക്ഷത്തി എഴുപതിനായിരത്തി അഞ്ഞൂറ്റി അറുപത്തി ആറ് രൂപ മാത്രം )ക്രമപ്പെടുത്തി നൽകണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള തലവടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച പരാമർശം( 4) ലെ അപേക്ഷ പരാമർശം (5) പ്രകാരം തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലവടി പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾക്ക് പൊതുജനസൗകര്യാർദ്ധം മറ്റ് കെട്ടിടങ്ങൾ ലഭ്യമാകാത്ത സാഹചര്യത്തിലും, ഓഫീസ് പ്രവർത്തിക്കുന്നതിനാവശ്യമായ എല്ലാ സൗകര്യങ്ങളും പാർക്കിംഗ് ഏരിയ ഉൾപ്പെടെ കെട്ടിടം പൂർണ്ണമായും ഓഫീസ് ആവശ്യത്തിന് ഉപയോഗിച്ച് വരുന്നതിനാലും, തലവടി ഗ്രാമപഞ്ചായത്ത് ഉപയോഗിച്ച് വരുന്ന 380.06 ചതുരശ്രമീറ്റർ കാർപ്പെറ്റ് ഏരിയയുള്ള ഈ കെട്ടിടത്തിന്റെ മുഴുവൻ വിസ്തൃതിയും കണക്കിലെടുത്ത് പരാമർശം (1) & (2) എന്നീ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ തലവടി ഗ്രാമപഞ്ചായത്ത് ഓഫീസ് നിലവിൽ പ്രവർത്തിച്ചുവരുന്ന ശ്രീ.ജയസൂര്യ/ ശ്രീമതി. മഹേശ്വരി, പട്ടമന, ചക്കുളത്ത്കാവ്, തലവടി എന്നവരുടെ ഉടമസ്ഥതയിലുള്ള 7/69 നമ്പർ കെട്ടിടത്തിന്റെ വാടക 25,000/- രൂപയായി പുനർ നിർണ്ണയിക്കുന്നതിന് തലവടി ഗ്രാമപഞ്ചായത്തിന് അനുമതി നൽകിയും, പ്രിൻസിപൽ ഡയറക്ടർ ശുപാർശ ചെയ്തിരിക്കുന്നത് പ്രകാരം നാളിതുവരെ ടി കെട്ടിടത്തിന് വാടക ഇനത്തിൽ 6,70,566/-(ആറ് ലക്ഷത്തി എഴുപതിനായിരത്തി അഞ്ഞൂറ്റി അറുപത്തി ആറ് രൂപ മാത്രം ) രൂപ നൽകിയ നടപടി സാധൂകരിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
2. സെക്രട്ടറി, തലവടി ഗ്രാമപഞ്ചായത്ത്, ആലപ്പുഴ ജില്ല

3. കെട്ടിട ഉടമ ( തലവടി ഗ്രാമപഞ്ചായത്ത് മുഖേന)
4. ധനകാര്യ വകുപ്പ് (01.06.2026 ലെ e-3489029/ധെവ-1/96/2026-ധന)പ്രകാരം
5. ചീഫ് മിഷൻ ഡയറക്ടർ , ഇൻഫർമേഷൻ കേരള മിഷൻ.
6. ഇൻഫർമേഷൻ ഓഫിസർ, വെബ് & ന്യൂസ് മീഡിയ വിങ്, ഐ&പി ആർഡി
7. സ്റ്റോക്ക് ഫയൽ/ DB3/371/2025-LSGD